## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2995 — 15-12-2015 -ൽ മറുപടിക്ക്

### ദുരന്ത നിവാരണ സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.എ.അസീസ് | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | ദുരന്ത നിവാരണത്തിനായി റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ ഏതെല്ലാമാണ്;; | എ) | 2005-ലെ ദുരന്ത നിവാരണ നിയമത്തിന നുസൃതമായി മുഖ്യമന്ത്രി ചെയർമാനായും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനായും ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അതോറിറ്റിയെ സഹായി ക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ദുരന്ത നിവാരണത്തിനുള്ള 2005 ലെ ദേശീയ നിയമത്തിലെ നിബന്ധനകൾ അനുസരിച്ച് സംസ്ഥാന സർക്കാർ ഗസറ്റ് വിജ്ഞാപന ത്തിലൂടെ 14 ജില്ലകളിലും ദുരന്ത നിവാരണ ത്തിനുള്ള ജില്ലാതല അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ അതോറിറ്റിയും സംസ്ഥാന അതോറിറ്റിയും ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, ജില്ലയിൽ ദുരന്ത നിവാരണത്തിനുള്ള ആസൂത്രണം, ഏകോപനം, നടപ്പാക്കൽ എന്നിവ ജില്ലാതല അതോറിറ്റികൾ ചെയ്യുന്നു. ജില്ലാതല അതോറിറ്റിയിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമാണ്. ആരോഗ്യ വകുപ്പിലെ ഡോക്ടർമർ, നഴ്സമാർ, കൃഷി വകുപ്പ്, വിദ്യുച്ഛക്തി ബോർഡ്, ഗ്രാമ വികസന വകുപ്പ്, നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, യു.ജി.സി. അദ്ധ്യാപകർ, എക്സൈസ് ഉദ്യോഗസ്ഥർ, റവന്യൂ വകുപ്പ്, അഗ്നിശമന വകുപ്പ്, ജനമൈത്രി പോലീസ്, റെഡ് ക്രോസ്, സ്റ്റുഡന്റ്സ് പോലിസ് കേഡറ്റ്സ്, എൻ.സി.സി., മറ്റ് സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് വിവിധ ദുരന്ത നിവാരണ വിഷയങ്ങളിലായി |

| | | | |
|---|---|---|---|
| | | | പരിശീലനം നടത്തി വരുന്നു. അംഗൻവാടി, ടീച്ചർമാർക്കും, ആശാവർക്കർമാർക്കും ദുരന്ത നിവാരണത്തിലും വർദ്ധിച്ചുവരുന്ന ടാങ്കർ ലോറി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ രാസ ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് സേനയിലെ വിവിധ ഉദ്യോഗ സ്ഥർക്കും, കേരളത്തിലെ ഭൂചലന സാദ്ധ്യതകളുടെ വെളിച്ചത്തിൽ ദുരന്ത പ്രതിരോധ കെട്ടിടനിർമ്മാണ രീതികളെ ക്കുറിച്ച് വിവിധ ജില്ലകളിലെ എഞ്ചിനീയർമാർക്കും. സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നു. ദുരന്ത നിവാരണ അവബോധത്തിനായി ബന്ധപ്പെട്ട വിഷയ ത്തിൽ നിരവധി പുസ്തക ങ്ങളും, ലഘുലേഖകളും ദുരന്ത നിവാരണ സെന്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും ദുരന്തങ്ങളും എന്ന മേഖലയിൽ വിവിധ വികസന നിരീക്ഷണ ഗവേഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ആവശ്യമായ ഫണ്ടനുവദിച്ചുകൊണ്ട് മഴപ്പൊലിമ പോലുള്ള വരൾച്ചാ ലഘൂകരണ പ്രവർത്തന ങ്ങളും നടത്തി വരുന്നു. |
| ബി) | അടിയന്തിര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിന് ഏതെല്ലാം സംവിധാന ങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാ ക്കുമോ? | ബി) | സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ആവശ്യ മായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. ദുരന്ത സമയങ്ങളിൽ ആ ദുരന്തവുമായി ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിക്കുന്നു. പ്രസ്തുത അവസരത്തിലും ഒന്നിൽ കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട ദുരന്തമുണ്ടാകുന്ന സാഹചര്യത്തിലും പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൂടാതെ ദുരന്ത മുന്നറിയിപ്പ്, അവലോകനം, പഠനം, വിദഗ്ദോപദേശം എന്നിവയ്ക്കായി സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും (എസ്.ഇ.ഒ.സി) അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ 14 ജില്ലകളിലും ജില്ലാ അടിയന്തിരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾ (DEOC) പ്രവർത്തി ക്കുന്നു. കൂടാതെ ചുഴലിക്കാറ്റ് മൂലമുള്ള ദുരന്തങ്ങൾ നേരിടുന്നതിനായി ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. ഇടിമിന്നൽ, കടൽക്ഷോഭം, എന്നിവ പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിച്ചു വരുന്നു. അണക്കെട്ട് ഉൾപ്പെടെയുള്ള മേഖലകളിൽ, വൈദ്യുതി ബോർഡിന്റെ സഹകരണത്തോടുകൂടി ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സംസ്ഥാന ദുരന്ത പ്രതികരണ സേന 2012-ൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നുണ്ട്. ദുരന്ത മുന്നൊരുക്ക നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന ദുരന്ത ലഘൂകരണ നിധി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി പ്രവർത്തിച്ച് ദുരന്ത നിവാരണ അവബോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിയന്തിര ഘട്ടങ്ങളിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനും അടിയന്തിര നടപടി എടുക്കുന്നതിനും ജില്ലാ ആസ്ഥാനങ്ങളിലും താലൂക്ക് ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ